പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2612** **14/12/2015-ൽ മറുപടിക്ക്**

**ഹോമിയോ ഡിസ്പെൻസറികൾ**

**ചോദ്യം**

ശ്രീ. ടി.എൻ.പ്രതാപൻ
" പി.സി വിഷ്ണുനാഥ്
" എം.പി.വിൻസെന്റ്
" ഡൊമിനിക് പ്രസന്റേഷൻ

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ
ആരോഗ്യവുംകുടുംബക്ഷേമവും ദേവസ്വവുംവകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതിയ ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2012-13 ൽ 60 ഹോമിയോ ഡിസ്പെൻസറികളും ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം 2013-14 ൽ 50 പുതിയ ഹോമിയോ ഡിസ്പെൻസറികളും ഉൾപ്പെടെ 110 പുതിയ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലെ വണ്ടൂരിൽ ഒരു ക്യാൻസർ പെയ്ൻ & പാലിയേറ്റീവ് കെയർ സെന്ററും കണ്ണൂർ ജില്ലയിലെ ആറളം ട്രൈബൽ സെറ്റിൽമെന്റ് കോളനിയിൽ ഒരു ഹോമിയോ ആശുപത്രിയും അനുവദിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് സർക്കാർ ഹോമിയോ ഡിസ്പെൻസറിയും മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം സർക്കാർ ഹോമിയോ ഡിസ്പെസറിയും കിടത്തി ചികിൽസയുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. പുതിയ 50 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) | പൊതുജനങ്ങൾക്ക് സൗജന്യ ഹോമിയോപ്പതി ചികിൽസ , സാംക്രമിക രോഗപ്രതിരോധ ചികിൽസ, ആരോഗ്യ ബോധവൽകരണം, മദ്യം / മയക്കമരുന്ന് ഉപയോഗത്തിൽ നിന്നുള്ള ലഹരി വിമുക്ത ചികിൽസ, വന്ധ്യതാ ചികിൽസ, കുട്ടികളിലെ വ്യക്തിത്വ മാനസിക വൈകല്യ ചികിൽസ ജീവിത ശൈലീരോഗ ചികിൽസ എന്നിവ നൽകി ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ |
| (സി) | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങളും മരുന്നും അനുബന്ധ സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ